പുറത്തെഴുത്ത് ഉത്തരവ്:

ഡി ജി ഇ/9341/2023-എച്ച് 2

NO TO DRUGS

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

തിരുവനന്തപുരം, തീയതി : 04-06-2024

30/05/2024 ലെ സ.ഉ(സാധാരണ)3404/2024/പൊ.വി.വ, സ.ഉ (സാധാരണ) 3405/2024/പൊ.വി.വ, നമ്പർ സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം, **സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 30 ദിവസത്തിലധികമുള്ള ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ, അധ്യാപക തസ്തികകളിലും ഫുൾ ടൈം മീനിയൽ ഉൾപ്പെടെയുള്ള അനധ്യാപക തസ്തികകളിലും താത്കാലിക നിയമനം നടത്തുന്നതിനുള്ള അനുമതി** സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടി ഉത്തരവുകളിലെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ, സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 30 ദിവസത്തിലധികമുള്ള ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ, അധ്യാപക തസ്തികകളിലും ഫുൾ ടൈം മീനിയൽ ഉൾപ്പെടെയുള്ള അനധ്യാപക തസ്തികകളിലും താത്കാലിക നിയമനം നടത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനു ബന്ധപ്പെട്ട എല്ലാ നിയമനാംഗീകാര അധികാരികൾക്കും നിർദേശം നൽകുന്നു.

Signed by
Santhosh C A
Date: 04-06-2024 15:10:13

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്:

1) എല്ലാ ഹയർ സെക്കണ്ടറി ആർ ഡി ഡി മാരും
2) എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി എ ഡി മാരും
3) എല്ലാ ജില്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും

പകർപ്പ്:-

1) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം

2) എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും

3) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
പൂജപ്പുര, തിരുവനന്തപുരം

(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - 2024-25 അധ്യയന വർഷം സർക്കാർ സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താത്കാലിക നിയമനം-മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**പൊതുവിദ്യാഭ്യാസ(ജെ.ആർ) വകുപ്പ്**

സ.ഉ.(സാധാ) നം.3404/2024/GEDN　തീയതി,തിരുവനന്തപുരം, 30-05-2024

---

പരാമർശം:-
1. സ.ഉ.(കൈ)നം. 89/2022/പൊ.വി.വ തീയതി 27-05-2022
2. സ.ഉ.(സാധാ)നം. 3068/2023/പൊ.വി.വ തീയതി 29-05-2023.
3. . പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 15-05-2023 തീയതിയിലെ ഡി.ജി.ഇ/6554/2023/H2 നമ്പർ കത്ത്.
4. 20-10-2023 തീയതിയിലെ ജെ.എ2/134/2023/പൊ.വി.വ നമ്പർ സർക്കാർ പരിപത്രം.

**<u>ഉത്തരവ്</u>**

2023-24 അധ്യയന വർഷം സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 30 ദിവസത്തിലധികം ദൈർഘ്യമുള്ള ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപക/ഫുൾടൈം മീനിയൽ ഉൾപ്പടെയുള്ള അനധ്യാപക നിയമനങ്ങൾ നടത്തുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകിയിരുന്നു. 2024-25 അധ്യയന വർഷത്തിലേക്കും സർക്കാർ സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപക/ഫുൾ ടൈം മീനിയൽ ഉൾപ്പടെയുള്ള അനധ്യാപക നിയമനങ്ങൾ നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ 30 ദിവസത്തിൽ കൂടുതൽ ദൈർഘ്യമുള്ള ഒഴിവുകളിൽ, ചുവടെ പറയുന്ന നിർദേശങ്ങൾ പാലിച്ചുകൊണ്ട് 2024-25 അധ്യയന വർഷവും ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപക/ഫുൾടൈം മീനിയൽ ഉൾപ്പടെയുള്ള അനധ്യാപക നിയമനങ്ങൾ നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

1 ) തസ്തിക നിർണ്ണയം സംബന്ധിച്ച് അതാത് കാലത്ത് നിലവിലിരിക്കുന്ന തസ്തിക നിർണയ ഉത്തരവ് പ്രകാരം ഏതെങ്കിലും കാറ്റഗറിയിൽ അധ്യാപകർ അധികമെന്നു കണ്ടെത്തിയ സ്കൂളുകളിൽ അവർ തുടരുന്നുവെങ്കിൽ പ്രസ്തുത കാറ്റഗറിയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തരുത്. അധികമായി കണ്ടെത്തിയ അധ്യാപകരെയെല്ലാം നിലവിലുള്ള

ഒഴിവുകളിലേക്ക്, ഇതു സംബന്ധിച്ച് ബാധകമാകുന്ന വ്യവസ്ഥകൾക്ക് വിധേയമായി സ്ഥലംമാറ്റി ക്രമീകരിക്കേണ്ടതാണ്.

2) 14/08/2002 ലെ സ.ഉ(അച്ചടി) നമ്പർ. 249/2002/പൊ.വി.വ, 20/12/2004 ലെ സ.ഉ(അച്ചടി) നമ്പർ.382/2004/പൊ.വി.വ, 11/02/2021 ലെ സ.ഉ(അച്ചടി) നമ്പർ. 29/2021/ധന തുടങ്ങിയ ഉത്തരവുകളിലൂടെ സർക്കാർ ഈ വിഷയത്തിൽ പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ കർശനമായും പാലിച്ചിരിക്കേണ്ടതാണ്.

3) പി.എസ്.സി റാങ്ക് ലിസ്റ്റ്/ഷോർട്ട് ലിസ്റ്റ് നിലനിൽക്കുന്ന ജില്ലകളിൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ അപേക്ഷകരായി ഉണ്ടെങ്കിൽ അത്തരം ഉദ്യോഗാർത്ഥികളെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ ദിവസ വേതന അടിസ്ഥാനത്തിൽ നിയമനം ലഭിക്കുന്ന കാലയളവിലെ ആനുകൂല്യങ്ങൾ ഒന്നും തന്നെ ഭാവിയിൽ ടിയാൾക്ക് പി.എസ്.സി മുഖേനയുള്ള സ്ഥിരനിയമനത്തിനു കണക്കാക്കുകയില്ല.

4 ) കെ-ടെറ്റ്/സെറ്റ് യോഗ്യത നേടിയതോ സ്ഥിരം ഇളവ് ലഭിച്ചിട്ടുള്ളതോ ആയ അധ്യാപകരെയാണ് ദിവസവേതനാടിസ്ഥാനത്തിലും നിയമിക്കേണ്ടത്.

5 ) ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപകർ റഗുലർ ഒഴിവിൽ തുടരുന്ന കാരണത്താൽ പ്രസ്തുത ഒഴിവ് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കരുത്. അപ്രകാരം കൃത്യവിലോപം കാട്ടുന്ന പ്രഥമാധ്യാപകരുടെ പേരിൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

6 ) ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന അധ്യാപകർക്ക് ധനവകുപ്പ് അതതുകാലത്തേയ്ക്കു ബാധകമാക്കി പുറപ്പെടുവിക്കുന്ന ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ ദിവസവേതനം അനുവദിക്കാവുന്നതാണ്.നിരക്ക് വർധന വരുത്തി സർക്കാർ പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്ന പക്ഷം പുതുക്കിയ നിരക്ക് ബാധകമാക്കേണ്ടതാണ്.

7 ) ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ മുൻപറഞ്ഞ , മാനദണ്ഡങ്ങളനുസരിച്ചുള്ള ഒഴിവിൽ അതതു സ്പെഷ്യൽ റൂൾ, നിലവിലുള്ള സർക്കാർ നിർദേശങ്ങൾ എന്നിവയ്ക്കനുസൃതമായി യോഗ്യതയുള്ള അധ്യാപകരെയും (HSST/HSST(Jr)/NVT/NVT(Jr)/Vocational Teacher) അനധ്യാപകരെയും ഇപ്രകാരം നിയോഗിക്കാവുന്നതാണ്.

8 ) ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവരെ ആവശ്യമെങ്കിൽ, സ്കൂൾ കലണ്ടർ പ്രകാരമുള്ള അക്കാദമിക വർഷത്തിലെ അവസാന പ്രവർത്തി ദിനം വരെയും പ്രസ്തുത സ്കൂളിൽ തുടരുവാനും അക്കാദമിക പ്രവർത്തനം നടത്തുന്നതിനും, അനുവദിക്കാവുന്നതും അർഹമായ ദിവസ വേതനം നൽകാവുന്നതുമാണ് .

9 ) ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുമ്പോൾ അതത് തസ്തികകളിൽ സ്ഥിരനിയമനത്തിന് നിശ്ചയിച്ചിട്ടുള്ള മിനിമം പ്രായപരിധിയും വിരമിക്കൽ പ്രായത്തിനുമകത്തുള്ളവരെ ( 56 വയസ്സ്) പരിഗണിക്കാവുന്നതാണ്.

10) ദിവസവേതന നിയമനം നടത്തുന്നതിന് അതത് വിഭാഗത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിനനുസൃതമായി നിയമനം നടത്തേണ്ടതും അപ്രകാരം നിയമിക്കുമ്പോൾ,ഒഴിവില്ലാതെ വരുന്ന സാഹചര്യത്തിൽ റാങ്ക് ലിസ്റ്റിൽ താഴെ വരുന്ന വ്യക്തി ആദ്യം പുറത്താകുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ആർ ഡി ഡിമാർക്കും എ.ഡി മാർക്കും /വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന) പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ(ഓാഡിറ്റ്/എ&.ഇ ) ,കേരള,തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഡയറക്ടർ(വെബ്&ന്യൂ മീഡിയ /പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
B Harikumar
Date: 30-05-2024 11:26:16

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.പൊതു വിദ്യാഭ്യാസ വകപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - 2024-2025 അധ്യയന വർഷം എയ്ഡഡ് സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച്- ഉത്തരവാകുന്നു.

---

**പൊതുവിദ്യാഭ്യാസ(ജെ.ആർ) വകുപ്പ്**

സ.ഉ.(സാധാ) നം.3405/2024/GEDN തീയതി,തിരുവനന്തപുരം, 30-05-2024

---

പരാമർശം:-

1. സ.ഉ.(കൈ)നം. 88/2022/പൊ.വി.വ തീയതി 27-05-2022
2. സ.ഉ.(സാധാ)നം. 3066/2023/പൊ.വി.വ തീയതി 29-05-2023.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 15-05-2023 തീയതിയിലെ ഡി.ജി.ഇ/6554/2023/H2 നമ്പർ കത്ത്.
4. 20-10-2023 തീയതിയിലെ ജെ.എ2/134/2023/പൊ.വി.വ നമ്പർ സർക്കാർ പരിപത്രം.

**<u>ഉത്തരവ്</u>**

2023-24 അധ്യയന വർഷം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ 30 ദിവസത്തിലധികം ദൈർഘ്യമുള്ള ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപക/ഫുൾടൈം മീനിയൽ ഉൾപ്പടെയുള്ള അനധ്യാപക നിയമനങ്ങൾ നടത്തുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകിയിരുന്നു. 2024-25 അധ്യയന വർഷത്തിലേക്കും ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനങ്ങൾ നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് പരാമർശം (3) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച 2024-25 അധ്യയന വർഷം എയ്ഡഡ് സ്കൂളുകളിൽ, 30 ദിവസത്തിൽ കൂടുതൽ ദൈർഘ്യമുള്ള ഒഴിവുകളിൽ, ചുവടെ പറയുന്ന നിർദേശങ്ങൾ പാലിച്ചുകൊണ്ട് ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അധ്യാപക/ഫുൾടൈം മീനിയൽ ഉൾപ്പടെയുള്ള അനധ്യാപക നിയമനങ്ങൾ നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

1. സർക്കാരും പൊതു വിദ്യാഭ്യാസ ഡയറകുറും പുറപ്പെടുവിച്ചിട്ടുള്ള മുൻകാല ഉത്തരവിലെ വ്യവസ്ഥകൾ നിർബന്ധമായും പാലിച്ചിരിക്കേണ്ടതാണ്.

2 കെ-ടെറ്റ്/സെറ്റ് യോഗ്യത നേടിയ/ഇളവ് ലഭിച്ചിട്ടുള്ള അധ്യാപകരെയാണ് ദിവസവേതനാടിസ്ഥാനത്തിലും നിയമിക്കേണ്ടത്.

3 . ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന അധ്യാപകർക്ക് ധനവകുപ്പ് അതതുകാലത്തേയ്ക്കു ബാധകമാക്കി പുറപ്പെടുവിക്കുന്ന ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ ദിവസവേതനം അനുവദിക്കാവുന്നതാണ്.

4 . ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ മുൻപറഞ്ഞ, മാനദണ്ഡങ്ങളനുസരിച്ചുള്ള ഒഴിവിൽ അതതു സ്പെഷ്യൽ റൂൾ, നിലവിലുള്ള സർക്കാർ നിർദേശങ്ങൾ എന്നിവയ്ക്കനുസൃതമായി യോഗ്യതയുള്ള അധ്യാപകരെയും (HSST/HSST(Jr)/NVT/NVT(Jr)/Vocational Teacher) അനധ്യാപകരെയും ഇപ്രകാരം നിയോഗിക്കാവുന്നതാണ്.

5 . ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവരെ ആവശ്യമെങ്കിൽ, സ്കൂൾ കലണ്ടർ പ്രകാരമുള്ള അക്കാദമിക വർഷത്തിലെ അവസാന പ്രവർത്തി ദിനം വരെയും പ്രസ്തുത സ്കൂളിൽ തുടരുവാനും അക്കാദമിക പ്രവർത്തനം നടത്തുന്നതിനും അനുവദിക്കാവുന്നതും, അർഹമായ ദിവസ വേതനം നൽകാവുന്നതുമാണ് .

6. ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുമ്പോൾ സ്ഥിരനിയമനത്തിന് നിശ്ചയിച്ചിട്ടുള്ള മിനിമം പ്രായപരിധിയ്ക്കും വിരമിക്കൽ പ്രായത്തിനുമകത്തുള്ളവരെ ( 56 വയസ്സ്) പരിഗണിക്കാവുന്നതാണ്.

7 . ദിവസവേതന നിയമനം നടത്തുന്നതിന് അതത് വിഭാഗത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിനനുസൃതമായി നിയമനം നടത്തേണ്ടതും അപ്രകാരം നിയമിക്കുമ്പോൾ, ഒഴിവില്ലാതെ വരുന്ന സാഹചര്യത്തിൽ റാങ്ക് ലിസ്റ്റിൽ താഴെ വരുന്ന വ്യക്തി ആദ്യം പുറത്താകുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ മേഖലാ ഉപമേധാവിമാർക്കും അസിസ്റ്റന്റ് ഡയറക്ടർമാർക്കും വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) ,കേരള, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഡയറക്ടർ(വെബ് & ന്യൂ മീഡിയ)/ പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

B Harikumar

Date: 30-05-2024 11:24:49

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎക്ക്